**Week -1**

# Shadow of Salvation - Jerusalem

## *രക്ഷയുടെ നിഴൽ - യെറുശലേം (എബ്രാ:2:4*



നദിയിൽ കളിച്ചുകൊണ്ടിരുന്ന ഒരു ചെറുപ്പക്കാരൻ അപ്രതീക്ഷിതമായി ഒഴുക്കിൽപ്പെട്ടു. നീന്തലറിവാൻ പാടില്ലാത്ത അവന്റെ നിലവിളികേട്ട നീന്തലറിയാവുന്ന മനുഷ്യൻ നദിയിൽ ചാടി അവനെ രക്ഷിച്ചു. കരയ്ക്കെത്തിയ ചെറുപ്പക്കാരൻ തന്നെ രക്ഷിച്ച വ്യക്തിയോട് നന്ദി പറഞ്ഞു. “നീ എന്തീനാണ് നന്ദി പറഞ്ഞത്” രക്ഷിച്ചയാൾ ചോദിച്ചു. “എന്റെ ജീവൻ രക്ഷിച്ചതിന്” ചെറുപ്പക്കാരൻ നന്ദി വീണ്ടും പറഞ്ഞു.” മകനേ ! നീ വളർന്ന് വലുതാകുമ്പോൾ നിന്റെ ജീവിതം നീ രക്ഷപ്രാപിച്ചതിന് യോഗ്യമായ നിലയിൽ വിലയുള്ളതായി തീരുമെന്ന് ഇന്ന് ഉറപ്പ് വരുത്തുക. മരണത്തിൽ നിന്ന് വിടുതൽ ലഭിച്ച ആ രംഗവും രക്ഷിച്ച വ്യക്തിയേയും രക്ഷപെട്ട ആൾക്ക് മറക്കുവാൻ കഴിയുകയില്ല.

അതുപോലെ, വിലയുള്ള ഒരു ജീവിതം ഒരു നീതിമാൻ മാനവജാതിയ്ക്ക് വാങ്ങിത്തന്നത് നമുക്ക് മറക്കുവാൻ കഴിയുമോ? പാപമരണത്തിന്റെ ഭയാനകതയിൽ നിന്ന് അദ്ദേഹം നമുക്ക് നേടിത്തന്ന രക്ഷയെ ഇവിടെ പൗലോസപ്പോസ്തോലൻ വിളിക്കുന്നത് ‘ഇത്ര വലിയരക്ഷ’ എന്നത്രേ. അതിന് ആ നീതിമാൻ

നൽകിയ വില സ്വന്തജീവൻ തന്നെയാണ് ഈ രക്ഷയെ അഗണ്യമാക്കിയാൽ നഷ്ടം നമുക്കുതന്നെയാണ് എന്ന് മറക്കരുത്. ഈ വലിയരക്ഷ നമുക്ക് നേടിത്തരുവാൻ അദ്ദേഹം ശാപമായിത്തീർന്ന് എന്ന് ഗലാ: 3:10,13 വാക്യങ്ങളിൽ കാണാം വില യുള്ളതിനെ വിലയുള്ളതായി കാണുവാൻ കഴിയാത്തത് നമ്മുടെ ആത്മീയ അറി വിന്റെ കുറവുമൂലമാണ്. രക്ഷകനെ ഓർക്കേണ്ടത് രക്ഷപ്രാപിച്ചവരുടെ കടമയാണ്. ആത്മീയ അറിവ് ഇതിന് നമ്മെ സഹായിക്കുന്നു.

## *പുതിയനിയമസഭ ഈ അറിവിനായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ*

(1) ***തിരിച്ചറിവ്*** Look ഗലാ: 4:23-26.

ഇവിടെ അപ്പോസ്തോലനായ പൗലോസ് ഒന്നു പറഞ്ഞ് മറ്റൊന്നിനെ പഠിപ്പിക്കു ന്നു. വാഗ്ദത്തസന്തതിയും, ജഡീക സന്തതിയും അബ്രഹാമിന്റെ രണ്ടു പുത്രന്മാർ. വിശ്വാസത്താലാണ് ജനം രക്ഷിക്കപ്പെടുന്നത് അല്ലാതെ പ്രവർത്തികളാലല്ല. നിയമ ത്തിനും കല്പനകൾക്കും അധീനരായവരെ (അടിമസ്ത്രീയായ ഹാഗാറിനെപ്പോ ലെ) നിയമബന്ധനത്തിൽ നിന്നും, സ്വതന്ത്രരായവരോട് (ഭാര്യയും സ്വതന്ത്ര യു മായ സാറായെപ്പോലെയും) താരതമ്യപ്പെടുത്തുന്നു. ദൈവപുത്രനായ ക്രിസ്തു സ്വാതന്ത്രം വരുത്തിയിരിക്കുന്നവർക്ക് ന്യായപ്രമാണത്തിന്റെ ആചരണം ആവശ്യമി ല്ല. ക്രിസ്തുമൂലം അവർ സാറായെപ്പോലെ രക്ഷപ്രാപിക്കും. യോഹ (3:16) വായി ക്കുമ്പോൾ ഏവനും, ലോകത്തെ എന്ന രണ്ടുവാക്കുകളുടെ സ്ഥാനത്ത് അവരവ രുടെ പേർ ചേർത്ത് ആവർത്തിച്ച് വായിക്കുവാൻ ഒരിക്കൽ ബഹുമാന്യനായ കർത്തൃദാസൻ ബില്ലിഗ്രഹാം പറയുകയുണ്ടായി പിതാവാം ദൈവം നമുക്കായി ചെയ്തത് തിരിച്ചറിയുകയും ആ സ്നേഹത്തെ ഓർക്കുകയും ചെയ്യണം.

(2) ***അനുതാപം*** Read ലൂക്കോ :13:3, മാർക്കോ: 1:15 എന്താണ് അനുതാപം? പാപം ചെയ്ത് മുന്നോട്ട് പോകാതെ എതിർദിശയിലേക്കുള്ള തിരിച്ചുപോക്കാണ് അനുതാപം. സ്വന്തം വീഴ്ചകളെ മനസ്സിലാക്കി അനുപിക്കുന്ന ഒരുവന് പ്രാർത്ഥന യുടെ മറുപടി ലഭിക്കുക മാത്രമല്ല പാപക്ഷമയും ലഭിക്കുന്നു.

Read മത്താ: 8:8,13 and യെശ:55:7 മാനസാന്തരപ്പെടുന്ന അഥവാ അനുതപി ക്കുന്ന ഒരു പാപിയെ ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ട്.

## (3) ഏകരക്ഷകനെ കണ്ടെത്തണം

ദൈവത്താൽ നമുക്ക് നൽകപ്പെട്ട ഈ രക്ഷകനെ സത്യസുവിശേഷത്താൽ എല്ലാവരുടെയും മുമ്പിൽ അവതരിപ്പിക്കേണ്ടത് സഭയുടെ ഉത്തരവാദിത്തമാണ് (2 തിമൊ:1:10) ഏകരക്ഷകൻ യേശു നമുക്ക് നേടിത്തന്ന രക്ഷ അവന്റെ പുനരുത്ഥാനത്താൽ ഉറപ്പിക്കപ്പെട്ടു (റോമ: 5:10) എന്ന് യെറുശലേമിൽ പാർക്കുന്നവർ അറിഞ്ഞിരിക്കേണം യേശുവിന് മാത്രമേ ആത്മമരണത്തിൽ നിന്ന് ഒരാളെ രക്ഷിച്ച് മീതെയുള്ള സ്വർഗ്ഗീയ യെറുശലേമിൽ എത്തിക്കുവാൻ കഴിയുകയുള്ളു. പുതിയനിയമസഭ ഭൂമിയിൽ അതിനുള്ള സഹായഹസ്തമാണ്

## (4) സാക്ഷ്യമനോഭാവം

നമ്മെ രക്ഷിച്ചവനെപ്പറ്റി ലജ്ജയില്ലാതെ സാക്ഷിപ്പാൻ നമുക്ക് കഴിയണം ദൈവം ക്രിസ്തുവിലൂടെ നമുക്ക് തന്നെ സൗജന്യരക്ഷയെപ്പറ്റി മറ്റുള്ളവരെ അറിയിക്കുവാൻ സഹോദരങ്ങളേ നിങ്ങൾ തയാറാണോ? രക്ഷ നമ്മുടെ കൈവശം തന്നെയാണ് തന്നിരിക്കുന്നത് രക്ഷയുടെ വചനം നമ്മുടെ സമീപത്തുള്ളപ്പോഴും വചനം തേടി നാം അലയുകയല്ലേ ? ഇനി ഓടിനടക്കാതെ ദൈവത്തിന്റെ വചനമാകുന്ന യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചാൽ മാത്രം മതി. കൈവശമുള്ള തിനെ മറന്ന് തേടിനടക്കുന്നത് ഭോഷത്വമാണ്. റോമ: (10:8) രക്ഷയുടെ മഹത്വം അറിഞ്ഞ് യെറുശലേമിൽ (ദൈവസാന്നിദ്ധ്യത്തിൽ) പാർക്കുവാൻ ജനത്തെ അനുവദിക്കാത്ത പുതിയ നിയമസഭ അന്യാചാരങ്ങളും ലോക ഇമ്പങ്ങളാലും മൂടപ്പെട്ടതാണോ? എങ്കിൽ ഒരു അടിച്ചുവാരൻ ആവശ്യമാണ് ദ്രഹ്മ കണ്ടെത്തിയ സഹോദരിയെപ്പോലെ അനേകരെ രക്ഷയിലേക്ക് കൊണ്ടുവരുവാൻ സഭയ്ക്ക് കഴിയട്ടെ. അപ്പോഴാണ് സഭ യെറുശലേമിന്റെ നിഴലാകുന്നത്. രക്തത്തെയും രക്തം ചൊരിഞ്ഞവനെയും മറക്കാതെ നിത്യജീവനവകാശികളാകുവാൻ യെറുശലേമിൽ തന്നെ പാർക്കുക. യെറുശലേമിന് പുറത്തുപോകുവാൻ വാഞ്ചിക്കുന്നവരേ ചൈനയും കോറോണയും നിങ്ങൾക്ക് ഒരു പാഠം ആകട്ടെ. യേശു മാത്രമാണ് നമ്മുടെ രക്ഷകൻ. അവനോടൊപ്പം പാർക്കുവാൻ ദൈവം സഹായിക്കട്ടെ. (യെശ: 43:11)

ശാന്തമ്മ വർഗ്ഗീസ്

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg